**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** — **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പരിശോധനാ ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യവിഷബാധ കണ്ടെത്താനുള്ള ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പരിശോധനകൾക്ക് ആവശ്യമായ ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന **NABL** അക്രഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ഈ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിയ്ക്കുന്നതിനുള്ള **Food Safety and Standards Act** നിഷ്കർഷിക്കുന്ന **GCMSMS, ICPOES, HPLC, FTIR, uv Visible Spectro Photometer, Ion Chromotography**എന്നീ ആധുനിക സജ്ജീകരണങ്ങൾ നിലവിലുണ്ട്. കൂടാതെ **1997** ലെ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലെ വഴിപാട് പ്രസാദമായ അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിനു ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തീർത്ഥാടകർക്കു നൽകുന്ന കുടിവെള്ളം എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. പ്രസ്തുത ലാബിന് സ്വന്തമായി വിപുലീകരിച്ച കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിൽ അനുവദിച്ച **4.55** ആർ ഭൂമിയിൽ ലാബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതു കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ |

| | | | |
|---|---|---|---|
| | | | ലാബിന്റെ പ്രവർത്തനം ഒരു താൽക്കാലിക കെട്ടിടത്തിൽ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ടി ലാബുകൾ ഭക്ഷ്യപരിശോധന, ഭക്ഷ്യ സുരക്ഷയെകുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യഎണ്ണ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | ഇറച്ചിയിലെയും മറ്റ് ഭക്ഷണപദാർത്ഥങ്ങളിലെയും സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി മൈക്രോ ബയോളജി അടിസ്ഥാനമാക്കിയുള്ള ആധുനിക പരിശോധനാ സൗകര്യങ്ങൾ അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പരിശോധനാ സൗകര്യങ്ങൾ ജില്ലാടിസ്ഥാനത്തിൽ നിലവിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികൾ ഇല്ല. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന NABL അക്രഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ആയതിൽ തിരുവനനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ , കോട്ടയം |

| | | | |
|---|---|---|---|
| | | | എന്നീ ജില്ലകൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയുടെ അധികാര പരിധിക്ക് കീഴിലു ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ എറണാകുളത്ത് പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ അധികാര പരിധിക്ക് കീഴിലു മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കോഴിക്കോട് പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ അധികാര പരിധിക്ക് കീഴിലു വരുന്നു. കൂടാതെ പതിനാല് ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ യഥാക്രമം 2022 മാർച്ച്, 2021 ഡിസംബർ, 2022 ജൂൺ മാസങ്ങളിൽ NABL-FSSAI Intregated Assessment പൂർത്തിയായിട്ടുള്ളതാണ്. ഇതിൽ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി ഇന്ത്യയിൽ ആദ്യമായി പ്രസ്തുത അംഗീകാരം നേടുന്ന സ്റ്റേറ്റ് ഫുഡ് ലബോറട്ടറിയാണ്. രണ്ടാമതും മൂന്നാമതുമായി ഈ അംഗീകാരം ലഭിച്ചത് തിരുവന്തപുരം, കോഴിക്കോട് ലബോറട്ടറികൾക്കാണ്. |
| (ഡി) | സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി വിജ്ഞാപനം ചെയ്ത ലബോറട്ടറികളിലെ എല്ലാ പരിശോധനകൾക്കും ഗുണനിലവാര മാനദണ്ഡമായ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് അംഗീകാരം നേടാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി വിഞ്ജാപനം ചെയ്ത ലബോറട്ടറികളിലെ കെമിക്കൽ വിഭാഗത്തിൽ റഗുലേഷൻ പ്രകാരമുള്ള സ്റ്റാൻഡേർഡ്സിനും കൂടാതെ Pesticide Residues, Metals, Toxins, Fatty Acid Profile, Food Additives എന്നീ പരിശോധനകൾക്ക് ഗുണനിലവാര മാനദണ്ഡ പ്രകാരം NABLഅംഗീകാരവുമുണ്ട്.<br><br>അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ISO/IEC 17025:2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്. നിലവിൽ തിരുവനന്തപുരം**,** കോഴിക്കോട്**,** എറണാകുളം **(** മൂന്ന് ലാബുകളും**) NABL** അക്രഡിറ്റടാണ്**.** മൈക്രോബയോളജി വിഭാഗത്തിന് **NABL** അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ യൂണി ഡയറക്ഷണൽ സ്ട്രക്ച്ചറൽ ടെസ്റ്റിംഗ് സംവിധാനവും റെഫറൻസ് കൾച്ചേഴ്സും **stomaches/smashes** എന്നിവയും ആവശ്യമാണ്**.** നിലവിലുള്ള മൂന്ന് ലാബുകളിലെയും മൈക്രോബയോളജി വിഭാഗം **FSSAI-NABL** നിലവാരത്തിലേക്ക് |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിനായി **FSSAI** യുടെ **Turn key** അടിസ്ഥാനത്തിലുള്ള റേറ്റ് കോൺടാക്റ്റ് നിലവിൽ വന്നിട്ടുള്ളതും അതനുസരിച്ച് **Vendor** ലബോറട്ടറികൾ സന്ദർശിച്ച് സമർപ്പിച്ച **Layout** **FSSAI**അംഗീകരിക്കുകയും പ്രസ്തുത കമ്പനിക്ക് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കണമെന്ന വ്യവസ്ഥയോട് കൂടി വർക്ക് ഓർഡർ നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ